ലൈസൻസുള്ള സ്ഥാപനങ്ങൾക്ക് മരുന്ന് കൊടുക്കാതിരിക്കുന്നത് നിയമ വിരുദ്ധമായതിനാൽ ഈ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഡ്രഗ്സ് കൺട്രോളറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ മരുന്ന് സപ്ലൈ ചെയ്യാതിരിക്കുന്ന മരുന്ന് കമ്പനികളുമായി മരുന്നു സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നുണ്ട്.

(ഡി) സംസ്ഥാനത്താകെ 100 നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനാണ് പദ്ധതിയിൽ ആദ്യം ലക്ഷ്യമിട്ടിരുന്നത്. അതിൽ 74 എണ്ണം ഇതിനകം തന്നെ തുടങ്ങി കഴിഞ്ഞു.

(ഇ) സംസ്ഥാനത്താകെ 100 നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആവശ്യമെന്ന് കണ്ടാൽ തുടങ്ങുന്നതാണ്. അതിൻപ്രകാരം നീതി മെഡിക്കൽ സ്റ്റോർ തുടങ്ങാൻ സന്നദ്ധരായി മുന്നോട്ട് വരുന്ന സഹകരണ സംഘങ്ങൾ അപേക്ഷകൾ സമർപ്പിച്ചാൽ അവ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. മൊത്തം 116 സംഘങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോർ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2000-2001 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് 50 നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതിക്ക് ഫെഡറേഷൻ ലക്ഷ്യമിട്ടിട്ടുണ്ട്. പേയിംഗ് കൗണ്ടറുകൾ നീതി മെഡിക്കൽ സ്റ്റോർ പദ്ധതിയിൽപ്പെടുത്തുന്നതല്ല.

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ 74 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ നൽകിയിട്ടുണ്ട്.† .

നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനം

30 (*60) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. രാജു എബ്രഹാം; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സർക്കാർ എന്തെങ്കിലും പങ്കു വഹിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്ലാസുകൾ, മഹിളാസമാജങ്ങൾ, ജില്ലാ യൂത്ത് ക്ലബുകൾ എന്നിവ എന്തെങ്കിലും പ്രവർത്തനം നടത്തി വരുന്നതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ നെഹ്റു യുവകേന്ദ്രത്തിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന ക്ലബുകളേയും, മഹിളാസമാജങ്ങളേയും, ജില്ലാ യൂത്ത്

† അനുബന്ധം IV എ

LIBRARY ARCHIVES Kerala Legislative Assembly

ക്ലബുകളേയും കേന്ദ്ര സർക്കാർ ഏതെങ്കിലും പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതായി അറിവുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള കാരണം എന്തെല്ലാമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചുവോ ;

(ഇ) സംസ്ഥാനത്തെ നെഹ്റു യുവകേന്ദ്രങ്ങൾ നടപ്പാക്കി വരുന്ന വന്ദേമാതരം, ദേശീയ പുനരുദ്ധാരണസേന എന്നീ പദ്ധതികളുടെ നടത്തിപ്പ്, സംസ്ഥാനത്തെ ആർ.എസ്.എസ്, എ.ബി.വി.പി, ബാലഗോകുലം പ്രവർത്തകർ മാത്രം ചേർന്നാണ് നടത്തി വരുന്നത് എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) സർവകലാശാലാതലത്തിലും കലാലയങ്ങളിലും, ഹിന്ദുത്വ പ്രചാരവും, വർഗ്ഗീയവല്കരണവും ലക്ഷ്യമാക്കിയാണ് നെഹ്റു യുവകേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ നെഹ്റു യുവകേന്ദ്രങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തന ശൈലിയിൽ സർക്കാർ എന്തെങ്കിലും പ്രതിഷേധം അറിയിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) നെഹ്റു യുവകേന്ദ്ര, കേന്ദ്രമാനവശേഷി മന്ത്രാലായത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര ഏജൻസിയാണ്. ആകയാൽ ഔദ്യോഗികമായി സംസ്ഥാന സർക്കാരിന് നെഹ്റു യുവകേന്ദ്രത്തിൽ നേരിട്ട് പങ്കില്ല. എന്നാൽ നെഹ്റു യുവകേന്ദ്രയുടെ ജില്ലാതല ഉപദേശക സമിതിയിൽ അതത് ജില്ലാ കളക്ടർമാർ ചെയർമാനായി വർത്തിക്കുന്നുണ്ട്.

(ബി) ഗ്രാമങ്ങളിൽ സാമൂഹ്യ പ്രവർത്തനങ്ങളിലും യുവജനസേവനങ്ങളിലും ഏർപ്പെട്ടിട്ടുള്ള ശരാശരി 600-800 ക്ലബുകൾ ഇപ്പോൾ ജില്ലാതല നെഹ്റു യുവകേന്ദ്രത്തിൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതായി അറിയുന്നു. ഇവയുടെ പ്രവർത്തനങ്ങൾ മുഖ്യമായും പഠന സൗകര്യം, തൊഴിൽ പരിശീലനം, ആരോഗ്യ പ്രവർത്തനങ്ങൾ, സാംസ്ക്കാരിക പ്രവർത്തനങ്ങൾ, കായികകലാ പ്രവർത്തനങ്ങൾ മുതലായവയിൽ ഊന്നിയാണ്. അതാത് പ്രാദേശത്തിന്റെ ആവശ്യകതയനുസരിച്ചാണ് ഈ ക്ലബുകൾ അവരുടെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വന്ദേമാതരം, ദേശീയ പുനരുദ്ധാരണസേന എന്നീ പദ്ധതികൾ, കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെടാതെ നെഹ്റു യുവകേന്ദ്ര, നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി. ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നീ ഏജൻസികൾ വഴിയാണ് നടപ്പാക്കുന്നത്.

(എഫ്&ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly